# US PROFILES



## ശ്രീകുമാർ ഉണ്ണിത്താൻ

emalayalee.com




# ശ്രീകുമാർ ഉണ്ണിത്താൻ: സംഘടനാ പ്രവർത്തനം, എഴുത്ത്, വ്യത്യസ്ത കർമ്മമേഖലകൾ

**മീട്ടു റഹ്മത്ത് കലാം**

അധികം സംസാരിക്കാത്തവർ പ്രവൃത്തിക്കാണ് പ്രാധാന്യം നൽകുന്നതെന്നാണ് പൊതുവെ പറയപ്പെടുന്നത്. ശ്രീകുമാർ ഉണ്ണിത്താന്റെ കാര്യത്തിൽ ഇത് വാസ്തവമാണ്. ഫൊക്കാന, വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ, കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക എന്നീ സംഘടനകളിൽ വിവിധ സ്ഥാനങ്ങൾ വഹിച്ചപ്പോഴും, ജനോപകാരപ്രദമായ പ്രവർത്തനങ്ങൾകൊണ്ടാണ് അദ്ദേഹം മലയാളികൾക്കിടയിൽ സ്വീകാര്യനായത്. വെസ്റ്റ്ചെസ്റ്റർ കൗണ്ടി ഡിസ്ട്രിക്ട് അറ്റോർണിസ് ഓഫീസിലെ ജോലി ചെയ്യുന്ന ഉണ്ണിത്താനെ അമേരിക്കയിൽ കൂടുതൽ പേരും അറിയുന്നത് എഴുത്തുകാരൻ എന്ന നിലയിലാണ്.

2018 ലെ ഫൊക്കാന ഇലക്ഷനിൽ പ്രസിഡന്റ് സ്ഥാനാർത്ഥിപോലും എട്ട് വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചപ്പോൾ, ഉണ്ണിത്താൻ നേടിയത് 96 വോട്ടിന്റെ ഭൂരിപക്ഷം എന്ന റെക്കോർഡാണ്.


2024 ൽ നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ ജനറൽ സെക്രട്ടറി സ്ഥാനത്ത് അദ്ദേഹം മാറ്റുരയ്ക്കുമ്പോൾ അതേവിജയത്തിളക്കം ആവർത്തിക്കുമെന്നുതന്നെയാണ് അദ്ദേഹത്തിന്റെ സേവനതല്പരതയും സൗഹൃദമനോഭാവവും അടുത്തറിയാവുന്നവർ വിശ്വസിക്കുന്നത്.

ഇലക്ഷന് ഇനി ഒരു വർഷമുണ്ട്. അതിന് മുന്നോടിയായി ഇ-മലയാളി വായനക്കാരോട് ശ്രീകുമാർ ഉണ്ണിത്താൻ സംസാരിക്കുന്നു...

**ജന്മനാട്ടിൽ സാമൂഹികപ്രവർത്തനങ്ങൾ ഉണ്ടായിരുന്നോ? പ്രവാസം ജീവിതത്തെ എങ്ങനെ മാറ്റി?**

അടൂരാണ് സ്വദേശം.സ്കൂൾ തലം തൊട്ടേ കെ എസ് യു വിൽ പ്രവർത്തിച്ചിരുന്നു. പന്തളം എൻ

എസ് എസ് കോളജ് പഠനസമയത്ത് യൂത്ത് കോൺഗ്രസിൽ സജീവമായിരുന്നു. കേരള സ്റ്റുഡന്റ്സ് യൂണിയന്റെ ഭാരവാഹിയായും യൂത്ത് കോൺഗ്രസിന്റെ മണ്ഡലം-ബ്ലോക്ക് ഭാരവാഹിയായും പ്രവർത്തിച്ചിട്ടുണ്ട്. അക്കൗണ്ടൻസിയിൽ മാസ്റ്റേഴ്സ് ചെയ്ത ശേഷം വിവാഹത്തോടെ 94 ലാണ് അമേരിക്കയിൽ എത്തുന്നത്. ഇവിടെ നിന്ന് കമ്പ്യൂട്ടറിൽ ഡിഗ്രി നേടി.2000 ത്തിൽ ന്യൂയോർക്ക് സ്റ്റേറ്റ് സർവീസിൽ ജോലിക്ക് കയറി.2008 മുതൽ കൗണ്ടിയിലാണ് ജോലി ചെയ്യുന്നത്. അഞ്ച് വർഷം ജോലി ചെയ്ത് നാട്ടിലേക്ക് മടങ്ങുക എന്നതാണ് ഏത് പ്രവാസിയെയും പോലെ ഞാനും ആഗ്രഹിച്ചിരുന്നത്. പിന്നീട് മക്കൾ, അവരുടെ വിദ്യാഭ്യാസം എല്ലാം കണക്കിലെടുത്ത് ഇവിടെ തുടർന്നു. അമേരിക്കയിൽ വളരുന്ന കുട്ടികളെ നാട്ടിലേക്ക് പറിച്ചുനടുന്നത് എളുപ്പമല്ല. എങ്കിലും റിട്ടയർ ജീവിതം കേരളത്തിൽ ചിലവിടണമെന്ന് മോഹമുണ്ട്.



**നിയമവുമായി ബന്ധപ്പെട്ട മേഖലയിൽ ജോലി ചെയ്യുന്ന വ്യക്തി എന്ന നിലയിൽ അമേരിക്കൻ മലയാളികൾക്ക് അത്തരം സഹായങ്ങൾ ചെയ്തു കൊടുക്കാറുണ്ടോ?**

ഇവിടുത്തെ പൊലീസ് സംവിധാനം വളരെ കൃത്യതയോടെയാണ് പ്രവർത്തിക്കുന്നത്. ഉന്നതതലത്തിൽ സ്വാധീനം ഇല്ലെങ്കിലും ഏതൊരു വ്യക്തിക്കും സഹായം ലഭിക്കും.ഒരു മലയാളി കൊല്ലപ്പെട്ടാൽ, ഇവിടുള്ള ചിലർ അന്വേഷണം ഊർജിതമാക്കാൻ വേണ്ടത് ചെയ്തു എന്നുപറയുന്നത് കേൾക്കാം.സത്യത്തിൽ അതിന്റെ ആവശ്യമില്ല. സ്വാധീനം ചെലുത്താതെ തന്നെ പൊലീസ് അന്വേഷണവുമായി മുന്നോട്ടുപോകും.അമേരിക്കൻ പൗരൻ അല്ലാത്തതിന്റെ പേരിൽ അന്വേഷണം ഇഴയ്ക്കുന്ന രീതിയൊന്നുമില്ല.

**അമേരിക്കൻ മലയാളികൾക്ക് ശ്രീകുമാർ ഉണ്ണിത്താൻ ഒരു എഴുത്തുകാരൻ കൂടിയാണ്. ആ വഴിയിൽ ആകസ്മികമായി എത്തിച്ചേർന്നതാണോ?**

കലാലയ രാഷ്ട്രീയത്തിലൂടെയാണ് പൊതുപ്രവർത്തനം ആരംഭിച്ചതെന്ന് പറഞ്ഞല്ലോ.പത്രങ്ങളിലേക്ക് രാഷ്ട്രീയക്കാരുടെ വാർത്താക്കുറിപ്പുകൾ തയ്യാറാക്കി നൽകിയാണ് എഴുത്തുജീവിതം തുടങ്ങിയത്. ഒരു ധർണ നടത്തിയാലും സമരത്തിൽ പങ്കെടുത്താലും പിറ്റേ ദിവസത്തെ പത്രത്തിൽ അക്കാര്യം ഫോട്ടോസഹിതം വരണമെന്ന് താല്പര്യമുള്ളവരവർക്കുവേണ്ടി ദിനപത്രങ്ങളിൽ ജോലി ചെയ്യുന്ന സുഹൃത്തുക്കൾക്ക് ഇത്തരം വാർത്താക്കുറിപ്പ് അയച്ചുകൊടുക്കുമായിരുന്നു. പത്രത്താളുകളിൽ സ്വന്തം പേര് കണ്ട് ആസ്വദിക്കുന്ന പഴയകാലത്തെക്കുറിച്ചാണ് പറയുന്നത്.



**സംഘടനാപ്രവർത്തനങ്ങൾ?**

ജനങ്ങളുമായി ഇടപെടുന്നതാണ് സംഘടനാപ്രവർത്തനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്.ഏതെങ്കിലും ഭാരവാഹിത്വം ഏറ്റെടുത്ത് എന്തെങ്കിലും കാട്ടിക്കൂട്ടുകയല്ല ഉദ്ദേശം.അമേരിക്കൻ മലയാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നേടിയെടുക്കുന്നതിനും വേണ്ടി പ്രയത്നിക്കേണ്ടിവരും.



പ്രവാസികൾക്ക് ഇവിടെ വലിയ അവകാശങ്ങളൊന്നുമില്ല. നാട്ടിലുള്ള സ്വത്ത് സംബന്ധിച്ചുള്ള പ്രശ്നം വന്നാൽ ഗവൺമെന്റുമായി നെഗോഷിയേറ്റ് ചെയ്യുന്നതുൾപ്പെടെ പല കാര്യങ്ങളും സംഘടനയ്ക്ക് ചെയ്യാൻ കഴിയും. ഇവിടെവച്ച് മരണപ്പെട്ടാൽ നാട്ടിൽ ബോഡി എത്തിക്കാനുള്ള സഹായം ചെയ്തുകൊടുക്കും. ഇതൊക്കെ ഏതാനും ഉദാഹരണം മാത്രമാണ്.ലോക്കൽ ഏരിയയുമായി ബന്ധപ്പെട്ട് ഫൊക്കാന ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്.

വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷനിലെ സജീവപ്രവർത്തകനാണ്. അതിന്റെ കമ്മിറ്റി മെമ്പർ,സെക്രട്ടറി, വൈസ്-പ്രസിഡന്റ്, പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ ജോയിന്റ് ട്രഷറർ,ട്രസ്റ്റി ബോർഡ് മെമ്പർ എന്നീ നിലകളിലും പ്രവർത്തിച്ചു.ഫൊക്കാനയുടെ ഓഡിറ്റർ,കമ്മിറ്റി മെമ്പർ, റീജിയണൽ വൈസ് -പ്രസിഡന്റ്,എക്സി.വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. പി ആർ ഒ സ്ഥാനത്ത് മുൻപ് 6 വർഷം പ്രവർത്തിച്ചിരുന്നു. ഇപ്പോൾ രണ്ടു വർഷമായി പ്രസ്തുത സ്ഥാനത്ത് തുടരുന്നു.ആകെ എട്ടുവർഷം.

**ഫൊക്കാനയുമായുള്ള ബന്ധം?**

ഫൊക്കാനയുടെ കമ്മിറ്റി ഓഡിറ്ററും കമ്മിറ്റി മെമ്പറുമായിരുന്നു. റീജിയണൽ വൈസ്-പ്രസിഡന്റ്,എക്സ്ക്യൂട്ടീവ് വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

**ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കാൻ പ്രേരണയായ ഘടകങ്ങൾ?**

ഫൊക്കാനയിൽ വളരെ വർഷങ്ങളായി പ്രവർത്തിക്കുന്ന വ്യക്തി എന്ന നിലയിൽ ആൾക്കാരുമായി അടുത്ത സൗഹൃദമുണ്ട്. ആ ബന്ധം കൊണ്ടുതന്നെ, എല്ലാവരെയും ഒന്നിച്ചുകൊണ്ടുപോകാമെന്ന ആത്മവിശ്വാസമുണ്ട്. സാമ്പത്തികപരമായ നിരവധി കാര്യങ്ങൾ നാട്ടിലുള്ളവർക്കും പ്രവാസികൾക്കും വേണ്ടി ചെയ്യാൻ സാധിക്കും.

**ജനറൽ സെക്രട്ടറിയുടെ ഉത്തരവാദിത്തങ്ങൾ?**

സംഘടനയെ നയിക്കുക എന്നുള്ളതും അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുക എന്നുള്ളതൊക്കെയാണ് പ്രധാന ഉത്തരവാദിത്തങ്ങൾ. അംഗസംഘടനകളുമായി സഹകരിച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നതും പ്രധാനമാണ്.

**ഇലക്ഷനിൽ വിജയിച്ചാൽ?**

ഫൊക്കാനയ്ക്ക് 80 അംഗസംഘടനകൾ ഉണ്ടെങ്കിലും അതിൽ പലതും സജീവമായി പ്രവർത്തിക്കുന്നില്ല.എല്ലാവർക്കും സംഘടനയോട് താല്പര്യം ഉണ്ടാകുന്ന തരത്തിൽ മാറ്റങ്ങൾ കൊണ്ടുവരാനാണ് ആഗ്രഹിക്കുന്നത്. യുവജനങ്ങളെ ആകർഷിക്കാൻ ഒട്ടേറെ മാറ്റങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. മാതൃഭാഷയോടും സംസ്കാരത്തോടും നമ്മുടെ കുട്ടികളെ ചേർത്തുനിർത്താൻ ശ്രമിക്കും. ഫാഷൻ ഷോ പോലെ നിരവധി മത്സരങ്ങൾ സംഘടിപ്പിക്കും.രാഷ്ട്രീയ മുഖ്യധാരയിലേക്ക് യുവാക്കളെ കൈപിടിച്ചാനയിക്കേണ്ടതുണ്ട്.

**പരാജയപ്പെട്ടാൽ?**

തിരഞ്ഞെടുപ്പാകുമ്പോൾ ഒരാൾക്ക് മാത്രമേ വിജയിക്കാനാകൂ. പല വട്ടം മത്സരിച്ച് ജയിച്ചിട്ടുണ്ട്. 2018 ൽ കൂട്ടത്തിൽ ഏറ്റവും കൂടുതൽ ഭൂരിപക്ഷം ലഭിച്ചതടക്കം അനുകൂല ഘടകങ്ങൾ ഉണ്ടെങ്കിലും, ഡെലിഗേറ്റുകളെ അനുസരിച്ച് റിസൽട് എങ്ങനെ വേണമെങ്കിലും മാറിമറിയാം.2024 ലാണ് ഇലക്ഷൻ.അതിനിടയിൽ എന്തും മാറാം.ജയപരാജയങ്ങളെ ആ രീതിയിൽ കാണും.

**കുടുംബം?**

രണ്ട് ആൺമക്കൾ.ശിവ ഉണ്ണിത്താൻ, വിഷ്ണു ഉണ്ണിത്താൻ. ഇരുവരും കഴിഞ്ഞവർഷം പഠനം പൂർത്തിയാക്കി. ഒരാൾ അക്കൗണ്ടന്റാണ് മറ്റെയാൾ കമ്പ്യൂട്ടർ രംഗത്ത്.

emalayalee.com